
# വിവരക്കേടിന്റെ സ്മാരകങ്ങൾക്ക് ഇനിയെങ്കിലും അച്ചടിമഷി പുരളാതിരിക്കട്ടെ

ലേഖനം

•

പി.ഐ നൗഷാദ്




**ഇസ്‌ലാം,** ഇസ്‌ലാമിക നാഗരികത എന്നിവയെ കുറിച്ച അറിവില്ലായ്മ, ഇസ്‌ലാംവിരുദ്ധ വിമർശക ഗ്രന്ഥങ്ങളുടെ മാത്രം വായന, അവ സത്യമെന്ന ഉറച്ചവിശ്വാസം, മുൻവിധികളിലും വിവരക്കേടിലും അധിഷ്ഠിതമായ തീർപ്പുകൾ, താനല്ലാത്തവരെല്ലാം ശുഷ്കബുദ്ധികളാണെന്ന നാട്യം..... ജെ. രഘുവിനെപ്പോലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ സൂക്ഷ്മ വായന നടത്തുകയും ഇടപെടുകയും ചെയ്യുന്നവർക്ക് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത വിതണ്ഡവാദങ്ങളാണ് 'ഇസ്‌ലാമിക നാഗരികതയുടെ അനിസ്‌ലാമികത' എന്ന ലേഖനത്തിലൂടെ (*പച്ചക്കുതിര* 2008, ഒക്ടോബർ) വെളിപ്പെട്ടിരിക്കുന്നത്. അധീശവർഗം നടത്തുന്ന വ്യാജ പ്രചാരണങ്ങളും ആസൂത്രിതമായ ചരിത്രനിർമിതികളും സൃഷ്ടിക്കുന്ന സാമൂഹിക അപകടങ്ങൾ തിരുത്താൻ അശ്രാന്ത പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്ന ജെ. രഘുവിനെപ്പോലുള്ളവർ, ഇസ്‌ലാമിനെ കുറിച്ചുള്ള അന്വേഷണങ്ങളിൽ അധീശ ജ്ഞാനതന്ത്രത്തിന്റെ വാരിക്കുഴികളിൽ വീഴുന്നുവെന്നത് എത്ര ദുഃഖകരമല്ല!

ലേഖനം ആരംഭിക്കുന്നതും അവസാനിക്കുന്നതും സംശയരഹിതമായ വിധിതീർപ്പുകളിലൂടെയാണ്. 'അലംഘനീയമായ ഇസ്‌ലം നിഷേധത്തിലൂടെ ഇസ്‌ലാമിക നാഗരികത രൂപംകൊണ്ടു. ഹിംസയും അസഹിഷ്ണുതയും അപ്രമാദിത്വവും അന്തഃസ്ഥിതിയായിട്ടുള്ള ഖുർആനിനെ ഉൾകൊണ്ടപ്പോൾ മുസ്‌ലിം മതാന്ധതയിലമർന്ന് ലോകത്തിന്റെ അപകടകാരിയായ സമൂഹമായി മാറി'. കാരണം 'മുഹമ്മദിന്റെ അവികസിത മനസ്സിന് സ്വീകാര്യമായത് ജൂത-ക്രൈസ്തവർ ആദ്യ കാലത്ത് സ്വീകരിച്ചതും പിന്നീട് ഉപേക്ഷിച്ചതുമായ ആശയങ്ങളാണ്. ഇസ്‌ലാം എന്ന മതം തന്നെ ജൂത-ക്രിസ്ത്യൻ-സൊരാഷ്ട്രിയൻ -സാബിയൻ- നോസ്റ്റിക് - മനീചിയൻ വിശ്വാസഘടകങ്ങളുടെ വിചിത്ര സമന്വയമാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാം അപകടകാരിയായി മാറാതെ തരമില്ല.' ഇസ്‌ലാമിനെ കുറിച്ച് വളരെ ഗൗരവതരമായ ഈ ആക്ഷേപങ്ങൾ ഉന്നയി


ക്കുന്നതിനുമുമ്പ് ഇസ്ലാമിക ദർശനത്തെ കുറിച്ചും നാഗരികതയെ കുറിച്ചും എത്തിച്ചേർന്ന നിലപാടുകൾക്ക് പൊതുസ്വീകാര്യമായ തെളിവുകൾ സമർഥിക്കാൻ ലേഖകൻ ബാധ്യസ്ഥനാണ്. അത്തരം തെളിവുകളുടെ അഭാവത്തോടൊപ്പം അറിവില്ലായ്മയിലും തെറ്റായ വിവരങ്ങളിലും പണിതുയർത്തിയ, ധാർഷ്ട്യം നിറഞ്ഞ വിധിന്യായങ്ങൾ ലേഖനത്തിലുടനീളം എഴുതി നിറച്ചിരിക്കുന്നു.

ഇസ്ലാമിനെ കുറിച്ച ലേഖകന്റെ അജ്ഞത ഇസ്ലാമിക പദാവലികളിൽ നിന്നാരംഭിക്കുന്നു. പ്രവാചക കാലഘട്ടത്തിനടുത്തോളം ഇസ്ലാമിക പാരമ്പര്യമുള്ള മുസ്ലിംകൾ താമസിക്കുന്ന ഒരു നാട്ടിൽ ജീവിച്ചിട്ടും ഇസ്ലാമിക പദാവലികളിലെ അജ്ഞത അതിനെ കുറിച്ച് എഴുതുമ്പോഴെങ്കിലും തിരുത്താനുള്ള ബുദ്ധിപരമായ വിനയം ലേഖകൻ പുലർത്തുന്നില്ല. ഹദ്ദീസ് നിർമാതാക്കൾ, ശരിയത്ത് , മുതസിലൈറ്റുകൾ, ഉമയത്ത്-അബ്ബാസിദ്, ഖിലാഫൈറ്റ് തുടങ്ങിയ ഭാഷാവൈകൃതം മുതൽ, ഉലമാ പണ്ഡിതർ എന്ന തെറ്റായ പ്രയോഗം വരെ അതിന്റെ സൂചനകളാണ്. ലേഖനത്തിലെ ആശയങ്ങൾ സ്വീകരിച്ചിരിക്കുന്നത് ഇസ്ലാമിക ആശയലോകത്തുനിന്നല്ല, ഇസ്ലാംവിരുദ്ധ പുസ്തകങ്ങളിൽ നിന്നാണെന്ന് ഇതിലൂടെ വ്യക്തം. ഹദീസ് ആളുകൾ ചേർന്ന് നിർമിക്കുന്ന ഉൽപന്നമല്ല; മറിച്ച് പ്രവാചക വചനങ്ങളുടെ സമാഹാരത്തിന് വിളിക്കുന്ന പേരാണെന്നും ഉലമയെന്നത് പണ്ഡിതരെന്നതിന്റെ അറബി പദമാണെന്നും അറിയാതെപോകുന്നത് കൊളോണിയൽ വൈജ്ഞാനിക വിധേയത്വം ആശയത്തെയും ഭാഷയെയും പരിശോധിക്കാൻ മെനക്കെടാത്തവണ്ണം അന്ധതയിലാഴ്ത്തിയതിനാലാണ്. എന്നാണാവോ വരേണ്യ അടിമത്തത്തിൽ നിന്ന് ഇവർക്കൊക്കെ മോചനമുണ്ടാവുക.

ലേഖകന്റെ ഖുർആനെക്കുറിച്ചുള്ള വിവരക്കേടിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഖുർആൻ പുതിയ നിയമത്തെ തള്ളിക്കളയുന്നുവെന്ന വാദം. ഖുർആനിന് മുമ്പ് അവതീർണമായ വേദഗ്രന്ഥങ്ങളെയും പ്രവാചക മനീഷികളെയും ആദരിക്കുകയും സത്യപ്പെടുത്തുകയുമാണ് പ്രവാചകൻ മുഹമ്മദും ഖുർആനും നിർവഹിക്കുന്ന മഹത്തായ ദൗത്യം. ഇസ്ലാമിന്റെ ചരിത്രം മുഹമ്മദിൽ നിന്നല്ല, മാനവകുലത്തിന്റെ ആദിപിതാവ് ആദമിൽ നിന്നാരംഭിക്കുന്നുവെന്നതാണ് ഖുർആൻ പകർന്നു നൽകുന്ന സന്ദേശം. അതിനാൽ മുഴുവൻ മനുഷ്യരും ഒറ്റ ഗർഭപാത്രത്തിന്റെ അവകാശികളാണന്ന സത്യത്തെ ഉദ്ഘോഷിച്ചുകൊണ്ട് (ഖുർആൻ 3:1, 49: 13) ജാതി -വർഗ-ലിംഗ ഉച്ചനീചത്വങ്ങളെ ചവിട്ടിമെതിച്ച് മാനവപൈതൃകത്തിന്റെ വെന്നിക്കൊടി പാറിക്കുകയായിരുന്നു ഇസ്ലാം. വെറുപ്പല്ല; സ്നേഹമാണ്, സങ്കുചിത നിഷേധങ്ങളല്ല; നന്മയിലധിഷ്ഠിതമായ സഹകരണങ്ങളാണ് സാമൂഹിക ജീവിതത്തിന്റെ പ്രാണവായുവെന്ന്, അബ്രഹാമിന്റെയും നോഹയുടെയും മോസസിന്റെയും യേശുവിന്റെയും പാരമ്പര്യത്തെ ഏറ്റെടുത്ത് ഇസ്ലാം പ്രഖ്യാപിക്കുന്നു. അവരുടെ അധ്യാപനങ്ങളിൽ കാലാന്തരത്തിൽ വന്നുചേർന്ന കൂട്ടിച്ചേർക്കലുകളെ നിരൂപണം ചെയ്യുകയും വിമർശിക്കുകയും ചെയ്യുന്നതിനെ പൂർണമായ നിഷേധമാണെന്ന് ധരിക്കുന്നത് അറിവില്ലായ്മയല്ലാതെ മറ്റെന്താണ്.

**ഇസ്ലാമിക നാഗരികതയിൽ വൈജ്ഞാനിക അന്വേഷണത്തിന് മതവേർത്തിരിവുകളുണ്ടായിരുന്നില്ല. മത സഹവർത്തിത്വത്തിന്റെ മനോഹരമായ സാക്ഷ്യങ്ങളായിരുന്നു ഇസ്ലാമിക നാഗരികത ലോകത്തിന് നൽകിയത്. എന്നിട്ടും ഇസ്ലാമിക നാഗരികതയിൽ മുസ്ലിംകളേക്കാൾ മുസ്ലിം ഇതരർക്കായിരുന്നു വൈജ്ഞാനിക മേൽക്കോയ്മ യെന്ന വംശീയതയുടെ കുരുമ്പ് ലേഖകനും പകർത്തിവെക്കുന്നത് ആരെ സന്തോഷിപ്പിക്കാനാണ്.**

ചരിത്രപരമായ അന്വേഷണത്തിലൂടെ സ്വതന്ത്ര ചിന്തകർ തള്ളിക്കളഞ്ഞതും കാലഹരണപ്പെട്ടതുമായ വ്യാജവാദം വീണ്ടും ഉമറിന്റെ മേൽ കെട്ടിവെക്കുന്നതിലൂടെ ലേഖകന്റെ വൈജ്ഞാനിക പാപ്പരത്തം കൂടുതൽ വെളിപ്പെടുകയാണ്. കള്ളക്കഥയിലെ സ്ഥലം പേർഷ്യയല്ല അലക്സാൻഡ്രിയയാണെന്ന വിവരം പോലുമില്ലാതെയാണത് ഉദ്ധരിക്കുന്നത്. ആരോപിത സംഭവത്തിന്റെ ആദ്യ അഞ്ചു നൂറ്റാണ്ടുകളോളം ഉന്നയിക്കപ്പെടാത്തതും എ.ഡി 933ൽ അലക്സാൻഡ്രിയയിലെ ആർച്ച് ബിഷപ്പായിരുന്ന യൂട്ടിച്ചിയസ് അറബികൾ അലക്സാൻഡ്രിയ കീഴ്പ്പെടുത്തിയ ചരിത്രമെഴുതിയപ്പോൾ രേഖപ്പെടുത്താത്തതുമായ സംഭവമാണിത്. ചരിത്രകാരൻ ഡി.പി സിംഗാൾ, കടുത്ത ഇസ്ലാംവിമർശകനായ ബർണാഡ് ലൂയിസ്, തത്ത്വചിന്തകനായ റസ്സൽ, ജവഹർലാൽ നെഹ്റു, എം.എൻ റോയ് തുടങ്ങി നിരവധി പേർ പഠനങ്ങൾക്ക് ശേഷം തള്ളിക്കളഞ്ഞ കൽപിതകഥയാണ് യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ഉമറിന്റെ അസഹിഷ്ണുതക്കും ഇസ്ലാമിന്റെ സാംസ്കാരിക വിരുദ്ധതക്കും തെളിവായി നിരത്തുന്നത്. ഇത്തരം വ്യാജം ചമച്ചുവിടുന്നതാണ് സാംസ്കാരിക ഔന്നത്യമെങ്കിൽ (പാശ്ചാത്യ നാഗരികതക്ക് അത്തരം 'ഔന്നത്യ' ങ്ങളുടെ കഥകൾ വേണ്ടുവോളമുണ്ട്. കൂടുതൽ തെളിവിന് എഡ്വേർഡ് സൈദിന്റെ *ഓറിയന്റലിസം* വായിച്ചാൽ മതി) തീർച്ചയായും ഉമറിനും ഇസ്ലാമിനും അതില്ല. കുറ്റം ജോർജ് ഇഫ്രാഹിന്റെ പുസ്തകത്തിനാണെങ്കിൽ വ്യാജമൊഴികളുടെ വാറോലകൾ ആധികാരികമാക്കാനുള്ള ബുദ്ധി അപാരംതന്നെ.



എന്നിട്ടാണ് ഇസ്‌ലാമിക പണ്ഡിതരെ ശുഷ്‌കബുദ്ധിയെന്ന പരിഹാസം. ഇത്തരം ബുദ്ധിപരമായ ശേഷി നൽകാതിരുന്നതിന് ദൈവം തമ്പുരാന് സ്തോത്രം.

ക്രൈസ്തവ രാജ്യങ്ങളായിട്ടും യൂറോപ്പിലുണ്ടായ നവോത്ഥാനത്തെ ക്രിസ്ത്യൻ നവോത്ഥാനമെന്ന് വിളിക്കാതിരിക്കുന്നതിന്റെയും, മുസ്‌ലിം സാമൂഹിക നേതൃത്വത്തിലുണ്ടായ നാഗരിക ഉണർവിനെ ഇസ്‌ലാമിക നാഗരികതയെന്ന് വിളിക്കുന്നതിന്റെയും കാരണം, ഒന്നിന്റെ പ്രചോദനം ക്രൈസ്തവവിരുദ്ധതയായിരുന്നു. രണ്ടാമത്തേതിന്റേത് ഇസ്‌ലാമും. 'ശാസ്ത്രപ്രവർത്തനം ഇസ്‌ലാമിക നാഗരികതയിലെ മുസ്‌ലിം പണ്ഡിതർക്ക് മതാത്മകതയിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരുന്നില്ല. മുസ്‌ലിം ജ്യോതിശ്ശാസ്ത്രജ്ഞർക്കും ഗണിതശാസ്ത്രജ്ഞർക്കും ഭൗതികശാസ്ത്രജ്ഞർക്കും ഗവേഷണം ദൈവമഹത്വമന്വേഷിക്കുന്ന പ്രവർത്തനവും മതത്തിനുള്ള സേവനവുമായിരുന്നു'(The Cambridge History of Islam Vol 2B P 741, ഉദ്ധരണം ആനന്ദിന്റെ ഇസ്‌ലാം വിമർശം വിരുന്നുകാരനും വേട്ടക്കാരനും, വി. എ മുഹമ്മദ് അഷ്‌റഫ്).

ശാസ്ത്രം, ജ്ഞാനം, യുക്തി, പരീക്ഷണം തുടങ്ങിയവ ഇസ്‌ലംവിരുദ്ധപക്ഷത്താണെന്നത് കടുത്ത ഇസ്‌ലാം വെറുപ്പ് പുലർത്തുന്നവർ മാത്രം ഉന്നയിക്കുന്ന, വിശുദ്ധ ഖുർആനും പ്രവാചകൻ മുഹമ്മദിന്റെ ജീവിതവും ഒരാവൃത്തി വായിച്ചവർക്ക് എഴുതി പിടിപ്പിക്കാൻ കഴിയാത്ത കള്ളവാദമാണ്. ഖുർആൻ അവതരണം ആരംഭിക്കുന്നതുതന്നെ വായിക്കാൻ കൽപിച്ചുകൊണ്ടാണ്. എണ്ണൂറിലധികം സ്ഥലത്ത് ഖുർആൻ സത്യം ഗ്രഹിക്കാൻ ചിന്തയെയും പര്യാലോചനകളെയും ആവശ്യപ്പെടുന്നുണ്ട്. ജ്ഞാനം തേടിയുള്ള യാത്രകൾ ഖുർആനും പ്രവാചകനും പ്രോത്സാഹിപ്പിച്ച ദൈവമാർഗത്തിലെ സമരമാണ്. സത്യം ഗ്രഹിക്കുന്നതിന്റെ മാർഗങ്ങളായി ഖുർആൻ നിർദേശിക്കുന്നത് ദൈവിക വെളിപാടിനൊപ്പം പ്രാപഞ്ചിക പ്രതിഭാസങ്ങൾ, ജീവശാസ്ത്രം, ചരിത്രം എന്നിവയെ കുറിച്ചുള്ള പഠനങ്ങളാണ്. ഈ ദർശനത്തെ കുറിച്ചാണ് ശുഷ്‌കബുദ്ധികളെ ഉൽപാദിപ്പിച്ച ദർശനമെന്ന് പ്രമാണരഹിതമായി വിളിച്ചുപറയുന്നത്.

ചരിത്രത്തിൽ ദൈവേഛയുടെ സാക്ഷാത്കാരമാണ് തങ്ങളുടെ ദൗത്യം എന്നു വിശ്വസിച്ചുകൊണ്ടാണ് മുസ്‌ലിംകൾ തങ്ങളുടെ നാഗരികതക്ക് രൂപം നൽകിയത്. വ്യവസ്ഥാപിതമായ സമൂഹ സംരചനകൾക്ക് മുസ്‌ലിംകൾ എവിടെയും ഊന്നൽ നൽകുന്നത് അതുകൊണ്ടാണ്. നീതിയുടെ സംസ്ഥാപനം, സമത്വം, നന്മ, തിന്മയുടെ വിപാടനം ഇവയാണ് ഇസ്‌ലാമിക നാഗരികത ഉയർത്തിപ്പിടിച്ച മൂല്യങ്ങളെന്ന് ജോൺ എൽ എസ്പോസിറ്റോ തന്റെ *ഇസ്‌ലാം: ദ സ്ട്രെയ്റ്റ് പാത്ത്* എന്ന കൃതിയിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക നാഗരികതയുടെ പ്രധാന സവിശേഷതയായി ഇസ്‌ലാമിക പണ്ഡിതൻ മുസ്ത്വഫസ്സിബാഇ ചില ഘടകങ്ങൾ എണ്ണുന്നു: 1. ആദർശപരമായ സമ്പൂർണ ഏക ദൈവിക നായകത്വമാണ് അതിന്റെ അടിത്തറ. 2. ഇസ്‌ലാമിക നാഗരികതയുടെ രണ്ടാമത്തെ സവിശേഷത അതിന്റെ ലക്ഷ്യവും വികാരവും മനുഷ്യത്വപരമത്രെ (ഖുർആൻ 49: 13). 3. മുഴുവൻ മേഖലകളിലും കർമമണ്ഡലങ്ങളിലും ധാർമികമൂല്യങ്ങൾക്ക് പ്രഥമ സ്ഥാനം അനുവദിച്ചു. 4. മതാധിഷ്ഠിതമായ ഒരു നാഗരികതയിലും കാണപ്പെടാത്ത മതസഹിഷ്ണുതയാണ് ഇസ്‌ലാമിക നാഗരികതയുടെ മറ്റൊരു സവിശേഷത (*ഇസ്‌ലാമിക നാഗരികത ചില ശോഭന ചിത്രങ്ങൾ*, പേജ് 32-35). വാസ്തവത്തിൽ ഇസ്‌ലാമും ഇസ്‌ലാമിക നാഗരികതയും തമ്മിൽ മൗലിക അന്തരമില്ല. ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രകാശനമായിരുന്നു ഇസ്‌ലാമിക നാഗരികത. അതിന് അവരെ പ്രചോദിപ്പിച്ചതോ വിശുദ്ധ ഖുർആനും പ്രവാചക അധ്യാപനങ്ങളും. പക്ഷേ, അത് കാണാൻ കഴിയാതെ പോകുന്നത് സ്വന്തത്തെ കുറിച്ച ബൗദ്ധിക അഹങ്കാരം നിമിത്തമാണ്.

**വാസ്തവത്തിൽ ഇസ്‌ലാമും ഇസ്‌ലാമിക നാഗരികതയും തമ്മിൽ മൗലിക അന്തരമില്ല. ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രകാശനമായിരുന്നു ഇസ്‌ലാമിക നാഗരികത. അതിന് അവരെ പ്രചോദിപ്പിച്ചതോ വിശുദ്ധ ഖുർആനും പ്രവാചക അധ്യാപനങ്ങളും. പക്ഷേ, അത് കാണാൻ കഴിയാതെ പോകുന്നത് സ്വന്തത്തെ കുറിച്ച ബൗദ്ധിക അഹങ്കാരം നിമിത്തമാണ്.**


ഇസ്‌ലാമിക നാഗരികതയിലെ പണ്ഡിതർക്ക് ഇസ്‌ലാമുമായുള്ള ബന്ധം ദൃഢമായിരുന്നു. ഇസ്‌ലാം അവരുടെ എല്ലാ അന്വേഷണങ്ങളെയും പ്രചോദിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ദൈവസംതൃപ്തിയുടെ സാക്ഷാത്കാരത്തിന്റെ യജ്ഞം തന്നെയായിരുന്നു ഗവേഷണത്തിനുവേണ്ടിയുള്ള സാധനയും. ഇബ്നുസീന തന്റെ ആത്മകഥയിൽ എഴുതുന്നു: "പിന്നെ ഞാൻ തത്ത്വശാസ്ത്രത്തിന്റെ മുഴുവൻ ഭാഗങ്ങളും വായിച്ചു. ഒരു പ്രശ്നത്തിൽ കുഴഞ്ഞുപോയാൽ, അല്ലെങ്കിൽ ന്യായ വാകൃത്തിലെ മധ്യമസംജ്ഞ പിടികിട്ടാതെ പോയാൽ പള്ളിയിൽ പോയി നമസ്കരിക്കുകയും സ്രഷ്ടാവിനെ വണങ്ങി പ്രാർഥിക്കുകയും ചെയ്യും. അങ്ങനെ ദുർഘടമായ ആശയങ്ങളെ ഞാൻ കീഴടക്കി. ഞാൻ ഉറക്കമിളച്ചിരിക്കുമായിരുന്നു; ഉറക്കം വരുമ്പോഴെല്ലാം ഒരു കപ്പ് അകത്താക്കികൊണ്ട്. ......... അങ്ങനെ സർവവിജ്ഞാനീയങ്ങളും ഞാൻ വശപ്പെടുത്തി. *മാബഅ്ദ ത്ത്വബീഅഃ* (അരിസ്റ്റോട്ടിലിന്റെ തത്ത്വശാസ്ത്ര ഗ്രന്ഥത്തിന്റെ അറബി ഭാഷാന്തരം) എന്ന ഗ്രന്ഥം അതിന്റെ സങ്കീർണത കാരണം 40 തവണ ആവർത്തിച്ചു പാരായണം ചെയ്തു. എന്നിട്ടും ഗ്രന്ഥം ഹൃദിസ്ഥമായെന്നല്ലാതെ ആശയം മനസ്സിലായില്ല. പിന്നീട് *മാ ബഅ്ദത്ത്വബീഅഃ* എന്ന ഗ്രന്ഥത്തിന്റെ പൊരുൾ വിവരിക്കുന്ന അബൂനസ്വ്‌റിൽ ഫാറാബിയുടെ ഒരു കൃതി എനിക്ക് ലഭിച്ചു. തത്ത്വശാസ്ത്രഗ്രന്ഥങ്ങളുടെ പൊരുളുകൾ അതെനിക്കു അനാവരണം ചെയ്തുതന്നു. അതേതുടർന്ന് അതീവ സന്തുഷ്ടനായ ഞാൻ ധാരാളം ധർമം ചെയ്യുകയുണ്ടായി"(ഇബ്നുസീന, *ഇസ്‌ലാമിക വിജ്ഞാനകോശം* വാല്യം 5 പേജ്45).

ഇബ്നുസീനായുടെ അഗാധമായ മതപ്രതിബദ്ധതയുടെ നിദർശനമാണ് പ്രവാചകത്വത്തെ തത്ത്വശാസ്ത്രപരമായി സ്ഥാപിക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള ഗവേഷണം. പിന്നീട് ക്രൈസ്തവ പുരോഹിതർ ആത്മീയസംസ്ഥാപനത്തിന് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ഏറെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ദൈവാസ്തികൃത്തെ ഗ്രീക്ക് ഫിലോസഫിയുടെ തത്ത്വങ്ങൾക്കനുസരിച്ച് ഫാറാബിയും തെളിയിക്കുന്നു. ഇത് മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം തോമസ് അക്വിനാസ് ദൈവാസ്തികൃത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയത് കാണാനാകും. ഇബ്നു ഹൈഥം ഇസ്‌ലാമിക നിയമശാസ്ത്ര വിദഗ്ധനായിരുന്നു. ലൗകികം-അലൗകികം എന്നീ വൈജ്ഞാനിക

വേർത്തിരിവ് ഇസ്‌ലാമിന് അന്യമായതിനാൽ അക്കാലത്തെ മിക്ക പണ്ഡിതരും ഭൗതിക വൈജ്ഞാനിക മേഖലകളിൽ സംഭാവനകളർപ്പിച്ചതു പോലെ ഇസ്‌ലാമിന്റെ ആത്മീയ മേഖലകളിലും ഗുണാത്മകമായി ഇടപെട്ടവരായിരുന്നു.

ഗ്രീക്ക് നാഗരികതയെ നിരുപാധികം സ്വീകരിക്കുകയായിരുന്നില്ല ഇസ്‌ലാമിക പണ്ഡിതർ ചെയ്തത്. അതിലെ ശരിതെറ്റുകൾ വേർതിരിക്കുകയും ഇസ്‌ലാമിക ആദർശാടിത്തറയിൽ വിശകലനം ചെയ്യുകയും ആശയപരമായി സ്വീകരിക്കാവുന്നത് ഉൾകൊള്ളുകയുമാണുണ്ടായത്. വ്യത്യസ്ത സമൂഹങ്ങളുമായുള്ള വൈജ്ഞാനിക/ സാംസ്കാരിക വിനിമയത്തെ നിഷേധിക്കുന്ന വൈജ്ഞാനിക ധാർഷ്ട്യമൊന്നും ഇസ്‌ലാം പുലർത്തുന്നില്ല. ഏതു സമൂഹത്തിലെയും വൈജ്ഞാനിക സമ്പത്തിനെ സ്വാംശീകരിക്കാനുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ സന്നദ്ധതയുടെ ചരിത്ര സാക്ഷ്യമാണ് ഇന്നും നിലനിൽക്കുന്ന ഗ്രീക്ക് നാഗരികതയുടെ വൈജ്ഞാനിക ശേഷിപ്പ്. ലോക പ്രശസ്ത ചരിത്രകാരനായ എച്ച്.ജി വെൽസ് ഇതംഗീകരിച്ചുകൊണ്ട് പറയുന്നു: "ഗ്രീക്കുകാർ ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത കേവല ജ്ഞാനത്തിന്റെ ക്രമാനുഗതമായ വികസനത്തെ, അറബി മനസ്സ് പുതിയ കാഴ്ചപ്പാടോടും ചൈതന്യത്തോടും കൂടി ഏറ്റെടുത്തു. ലാറ്റിനിന്റെ വഴികളിലൂടെയല്ല, അറബികളിലൂടെയായിരുന്നു ആധുനിക ലോകത്തിന് പ്രകാശത്തിന്റെയും ശക്തിയുടെയും അനുഗ്രഹങ്ങൾ ലഭിച്ചത്" (*ഇസ്‌ലാമിക നാഗരികത ചില ശോഭന ചിത്രങ്ങൾ*, മുസ്ത്വഫസ്സിബാഇ). എന്നാൽ ഇസ്‌ലാമിക നാഗരികതയിൽ വൈജ്ഞാനിക അന്വേഷണത്തിന് വേർത്തിരിവുകളുണ്ടായിരുന്നില്ല. സഹവർത്തിത്വത്തിന്റെ മനോഹരമായ സാക്ഷ്യങ്ങളായിരുന്നു ഇസ്‌ലാമിക നാഗരികത ലോകത്തിന് നൽകിയത്. എന്നിട്ടും ഇസ്‌ലാമിക നാഗരികതയിൽ മുസ്‌ലിംകളേക്കാൾ മുസ്‌ലിം ഇതരർക്കായിരുന്നു വൈജ്ഞാനിക മേൽക്കോയ്മയെന്ന വംശീയതയുടെ കുശുമ്പ് ലേഖകനും പകർത്തിവെക്കുന്നത് ആരെ സന്തോഷിപ്പിക്കാനാണ്.

ഇസ്‌ലാമേതര വൈജ്ഞാനിക പാരമ്പര്യങ്ങളെ സ്വാംശീകരിക്കുന്നതിന്റെയും നിരാകരിക്കുന്നതിന്റെയും മാനദണ്ഡങ്ങൾ എന്താകണമെന്നതിൽ ഇസ്‌ലാമിക പണ്ഡിതർക്ക് വ്യത്യസ്ത വീക്ഷണങ്ങളുണ്ടായിരുന്നു. ദൈവാസ്തിക്യത്തെ അത്തരം ദാർശനിക സമസ്യകൾകൊണ്ട് വ്യാഖ്യാനിക്കുന്നതിനെ സംബന്ധിച്ചും ഇസ്‌ലാമിക പണ്ഡിത സമൂഹത്തിൽ അഭിപ്രായഭിന്നതകൾ പുലർത്തിയിരുന്നു. ഫാറാബിയും ഗസ്സാലിയും ഇബ്നുറുശ്ദും ഇബ്നു ഖൽദൂനും അത്തരം സംവാദങ്ങളിലൂടെ വൈജ്ഞാനിക മേഖലയെ കൂടുതൽ ജാജ്വല്യമാക്കുകയായിരുന്നു. അവരുടെ വിവിധ വീക്ഷണങ്ങളെ ഇസ്‌ലാമിക വൈജ്ഞാനിക സമ്പത്തായി മുസ്‌ലിം സമൂഹം ഉൾകൊള്ളുകയും ശേഷമുള്ള തലമുറ പഠിക്കുകയും ചെയ്തു. വീക്ഷണ വ്യത്യാസത്തിന്റെ പേരിൽ ഇസ്‌ലാം ആരെയും പടിക്ക് പുറത്തുനിർത്തി ചുട്ടുകൊന്നില്ല. മതവിരുദ്ധത ആക്ഷേപിച്ച് ഇൻക്വിസിഷൻ ക്യാമ്പുകളിൽ തള്ളിയില്ല. ജോർജ് സാർട്ടൻ തന്റെ *ശാസ്ത്ര ചരിത്രത്തിനൊരാമുഖം* എന്ന കൃതിയിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. "ഇസ്‌ലാമിന്റെ ചരിത്രത്തിൽ ശാസ്ത്രജ്ഞന്മാർ പീഡിപ്പിക്കപ്പെട്ട ഒരൊറ്റ സംഭവം പോലുമില്ല. മധ്യകാലത്ത് ഇന്നുള്ളത്രയും പ്രതിഭാശാലികളെ നമുക്ക് കാണാവുന്നതാണ്. അവരുടെ പട്ടിക ഒരു ലേഖനത്തിൽ ചേർക്കാൻ കഴിയാത്തവിധം ദീർഘമത്രെ. മാതൃകക്ക് ചില ഉജ്ജ്വല പ്രതിഭകളുടെ മാത്രം മതിയാകുന്നതാണ്. പാശ്ചാത്യലോകത്ത് അവർക്ക് സമശീർഷകരായി ആരുമുണ്ടായിരുന്നില്ല. ജാബിറുബ്നു ഹയ്യാൻ, അൽകിന്ദി, അൽഖവാരിസ്മി, അൽഫർഗാനി, അർറാസി, സാബിതുബ്നുഖുർറ, അൽഫാറാബി, ഇബ്റാഹീമുബ്നു സിനാൻ, അൽ മസ്ഊദി, ത്വബ്രി, അബ്ദുൽ വഫാ, അലിയ്യുബ്നു അബ്ബാസ്, അബ്ദുൽ ഖാസിം, ഇബ്നുൽ ജസ്സാർ, അൽ ബീറൂനി, ഇബ്നുസീന, ഇബ്നു യൂസുഫ്, ഇബ്നുൽ ഹൈഥം, അലിയ്യുബ്നു ഈസാ, അൽഗസ്സാലി , അൽസർഖാബ്, ഉമർ ഖയ്യാം................. ഇനിയും എത്രയും നീട്ടികൊണ്ടുപോകാൻ കഴിയുന്ന മഹത്തായ നാമങ്ങളുടെ പട്ടികയാണിത്." ഇന്നും കേരളത്തിലെ മത പാഠശാലകളിൽ ഇവരുടെ ദർശനങ്ങൾ വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ചുറ്റുവട്ടത്തുള്ള മുസ്‌ലിംകളോട് ചോദിച്ചാൽ മനസ്സിലാക്കാവുന്നതാണ് ഈ കാര്യം.




**ഇസ്‌ലാമിക നാഗരികതയിലെ അനിസ്‌ലാമികത തെരയുന്ന ലേഖകൻ ഉയർത്തുന്ന വാദഗതികൾ ദശകങ്ങൾക്ക് മുമ്പേ ഇസ്‌ലാംവിരുദ്ധർ ഉന്നയിച്ചതും കേരളത്തിൽ നേരത്തേതന്നെ പച്ചമലയാളത്തിൽ മറുപടി പറഞ്ഞതുമാണ്. അതേ വാദഗതികൾ പുത്തനെന്ന വ്യാജേന ആനയിക്കുന്നതിലെ കാപട്യം തിരിച്ചറിയപ്പെടേണ്ടതുണ്ട്. കേരളത്തിൽ നടന്ന അത്തരം സംവാദങ്ങളെ കുറിച്ച് ഒരക്ഷരം ഉരിയാടാനോ ഇടപെടാനോ കഴിയാതെ പോകുന്നതും വിശകലനത്തിൽ സൂചിപ്പിക്കാൻ കഴിയാത്തതും അന്വേഷകന്റെ അജ്ഞതയുടെ ആഴം വെളിപ്പെടുത്തുന്നു.**

ഇസ്‌ലാമിക നാഗരികതയിലെ അനിസ്‌ലാമികത തെരയുന്ന ലേഖകൻ ഉയർത്തുന്ന വാദഗതികൾ ദശകങ്ങൾക്ക് മുമ്പേ ഇസ്‌ലാംവിരുദ്ധർ ഉന്നയിച്ചതും കേരളത്തിൽ നേരത്തേതന്നെ പച്ചമലയാളത്തിൽ മറുപടി പറഞ്ഞതുമാണ്. അതേ വാദഗതികൾ പുത്തനെന്ന വ്യാജേന ആനയിക്കുന്നതിലെ കാപട്യം തിരിച്ചറിയപ്പെടേണ്ടതുണ്ട്. കേരളത്തിൽ നടന്ന അത്തരം സംവാദങ്ങളെ കുറിച്ച് ഒരക്ഷരം ഉരിയാടാനോ ഇടപെടാനോ കഴിയാതെ പോകുന്നതും വിശകലനത്തിൽ സൂചിപ്പിക്കാൻ കഴിയാത്തതും അന്വേഷകന്റെ അജ്ഞതയുടെ ആഴം വെളിപ്പെടുത്തുന്നു. ഇത്തരം 'ജ്ഞാനി'കളാണല്ലോ മുസ്‌ലിംകൾക്ക് ബുദ്ധി ഉപദേശിക്കുന്നതെന്നോർത്ത് ലജ്ജിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാൻ. ■